## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1420 30.09.2011 - ൽ മറുപടിയ്ക്ക്

# കീടനാശിനികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കേരളത്തിൽ നിർബാധം ഉപയോഗിച്ചുവരുന്ന രാസകീടനാശിനികൾ, നശിക്കാതെ കിടക്കുന്നതുമൂലം, വായു, ജലം, മണ്ണ് തുടങ്ങിയവയിലുണ്ടാകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | കീടനാശിനികളുടെ ഉപയോഗം മൂലം മണ്ണിൽ എത്രമാത്രം വിഷാംശം തങ്ങി നിൽക്കപ്പെടുന്നുണ്ട് എന്ന് തിട്ടപ്പെടുത്തുന്നതിനു വേണ്ടി അഖിലേന്ത്യാ കീടനാശിനി ഗവേഷണ പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി ഗവേഷണ ലബോറട്ടറിയിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്ന പദ്ധതി 2011-12ൽ തുടങ്ങി ഈ പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ ഏലത്തോട്ടങ്ങളിൽ നിന്നും 50 സാമ്പിളുകൾ ശേഖരിച്ചു പരിശോധിച്ചു വരുന്നു.<br><br>കൂടാതെ തിരുവനന്തപുരം,കൊല്ലം തൃശ്ശൂർ ജില്ലകളിലെ വാഴത്തോട്ടങ്ങളിൽ നിന്നും ശേഖരിച്ച 30 സാമ്പിളുകൾ പരിശോധിച്ചതിൽ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ 3 വീതം സാമ്പിളുകളിലും കൊല്ലം ജില്ലയിലെ ഒരു സാമ്പിളിലും കീടനാശിനിയുടെ അംശം കണ്ടെത്തുകയുണ്ടായി. ഇതിൽ രണ്ട് സാമ്പിളുകളിൽ ആൽഫാ എൻഡോസൾഫാനും, നാല് സാമ്പിളുകളിൽ ക്ലോർപൈറിഫോസും, ക്വിനാൽഫോസ്, പി.പി.ഡി.ഡി.ഡി. എന്നിവ ഓരോ സാമ്പിളുകളിലും കണ്ടെത്തുകയുണ്ടായി വായു, ജലം എന്നിവയിലെ പഠന വിവരം ലഭ്യമല്ല. |

(ബി) ഏതൊക്കെ രാസകീടനാശിനികളുടെ ഉപയോഗവും, വിതരണവുമാണ് കേരളത്തിൽ നിരോധിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ CARBOFURAN, PHORATE, METHYL, PARATHION, MONOCROTOPHOS, METHYL DEMETONഎന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടു കൂടിയ കീടനാശിനികളായ TRIAZOPHOS,PREPHENOPHOS എന്നിവയും കുമിൾ നാശിനികളായ EDIPHENPHOS, TRICYCLAZOLE, OXYTHIOQUINOS എന്നിവയും കളനാശിനികളായ ANILOPHOS, PARAQUAT, THIOBENCARB, ATRAZIN എന്നിവയാണ് കേരളത്തിൽ ജി.ഒ.(എം.എസ്) നമ്പർ116/2011/കൃഷി തീയതി, 07-05-2011-ലെ ഉത്തരവ് പ്രകാരം നിരോധിച്ചത്.

(സി) രാസകീടനാശിനികൾ ഒഴിവാക്കി അവയ്ക്ക് പകരം ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

(സി) കേരള സംസ്ഥാനത്ത് ജൈവ കാർഷിക നയം നടപ്പിലാക്കുന്നത് സംബന്ധിച്ച കർമ്മ പരിപാടികളും യന്ത്രങ്ങളും സർക്കാർ ഉത്തരവ് നമ്പർ 39/2010/എഡി തീയതി, 10-02-2010 പുറപ്പെടുവിച്ചത്. കൂടാതെ വിഷവീര്യം കൂടിയ കടുംചുവപ്പും മഞ്ഞയും നിറത്തിലുള്ള ലേബലോടുകൂടിയ കീടനാശിനികൾ സംസ്ഥാനത്ത് ഒട്ടാകെ നിരോധിച്ചു (ജി.ഒ(എം.എസ്)നമ്പർ116/11/ കൃഷിതീയതി,7-5-2011) കാസർഗോഡ് ജില്ലയിൽ മാത്രം ചുവപ്പ്, മഞ്ഞ ലേബലോടുകൂടിയ മുഴുവൻ കീടനാശിനി ഉപയോഗവും ജി.ഒ(എം.എസ്)310/10 തീയതി, 02-12-2010 പ്രകാരം നിരോധിച്ചു. ജില്ലകൾ തോറും കർഷകർക്കും ഉദ്യോഗസ്ഥർക്കും ജൈവ കാർഷിക നയത്തിന്റെ പ്രസക്തി മനസ്സിലാക്കിക്കുന്നതിലേയ്ക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. സംയോജിത കീടരോഗ നിയന്ത്രണത്തിന് കൂടുതൽ പ്രധാന്യം നൽകി ജൈവ കീട-കുമിൾ കീടനാശിനികൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ